(ഡി) കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ (കൺസ്യൂമർഫെഡ്) പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും, വൈവിധ്യവൽക്കരണത്തിനുമായി 55.65 കോടി രൂപ ചെലവ് വരുന്ന ഒരു പ്രസ്തുത പദ്ധതി "വിഷൻ 2011 ഒന്നാം ഘട്ടം" എന്ന പേരിൽ സർക്കാരിന്റെ അനുമതിക്കും, എൻ. സി. ഡി. സി. - യിൽനിന്നും സാമ്പത്തിക സഹായത്തിനുംവേണ്ടി ഫെഡറേഷൻ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 90 ശതമാനം എൻ.സി.ഡി.സി.-യിൽനിന്നും ബാക്കി 10 ശതമാനം കൺസ്യൂമർഫെഡിന്റെ വിഹിതമായും മുടക്കുന്നതിനാണ് വകയിരുത്തിട്ടുള്ളത്.

(ഇ) പ്രോത്സാഹനം നൽകിവരുന്നുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒന്ന് എന്ന നിലയിൽ കൺസ്യൂമർ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകുകയും ആയതിനെ തുടർന്ന്, തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

രോഗബാധിതമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതി

5 (*575) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ രോഗബാധിതമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) ആദ്യഘട്ടമെന്ന നിലയിൽ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നത് ;

(സി) ഇതിനായി എത്രകോടി രൂപയുടെ പദ്ധതിക്കാണ് രൂപം നൽകിയിരുന്നത് ;

(ഡി) നാളികേര വികസന ബോർഡിന് പുറമേ മറ്റേതൊക്കെ ഏജൻസികളാണ് ഈ പദ്ധതിയിൽ സഹകരിക്കുന്നത് ;

(ഇ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ഈ പദ്ധതിയിലൂടെ എത്ര രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട് ;

(എഫ്) തേങ്ങയുടെ വിലയിടിവു കാരണം പുതിയ തെങ്ങിൻ തൈകൾ നടുന്നതിന് കേര കർഷകർ താൽപ്പര്യം കാണിക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ജി) ഈ പദ്ധതിയിലൂടെ പുതിയതായി ഇതുവരെ എത്ര തെങ്ങിൻ തൈകൾ നടാനായെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) നാളികേര തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുമായി ഒരു സമഗ്ര പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-2010 മുതൽ 2012-2013 വരെയുള്ള കാലയളവിൽ നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ള പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ നടപ്പിലാക്കാനാണ് തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) നാളികേര പുനരുദ്ധാരണ പദ്ധതി പ്രകാരം തെങ്ങിൻ തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ച ഉൽപ്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് പകരം ഉൽപ്പാദനക്ഷമതയുള്ള നല്ലയിനം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുമായി 2275 കോടിയുടെ പദ്ധതിക്കാണ് രൂപം നൽകിയിരുന്നത്. ഇതിൽ കേരളത്തിന് 474.514 കോടി രൂപയാണ് കേന്ദ്ര സർക്കാർ സബ്സിഡിയായി അനുവദിച്ചിരിക്കുന്നത്.

(ഡി) നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ തെങ്ങിൻതടി സംസ്ക്കരണ പ്രവർത്തനത്തിൽ കേരഫെഡും സഹകരിക്കുന്നതാണ്. ഗ്രാമ പഞ്ചായത്തുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, മാർക്കറ്റിംഗ് ഫെഡറേഷൻ, നാഷണൽ സീഡ് കോർപ്പറേഷൻ, കാർഷിക സർവ്വകലാശാല, സി.പി.സി.ആർ.ഐ.-എന്നിവരും സഹകരിക്കുന്നുണ്ട്.

(ഇ) 1. തിരുവനന്തപുരം ജില്ലയിൽ 3 ബ്ലോക്കുകളിലുമായി 118028 രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്.

2. കൊല്ലം ജില്ലയിൽ 3 ബ്ലോക്കുകളിലുമായി 205039 രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്.

3. തൃശ്ശൂർ ജില്ലയിൽ 3 ബ്ലോക്കുകളിലുമായി 151105 രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്.

(എഫ്) 2009-10 കാലയളവിലാണ് തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. ഈ ബൃഹത് പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കർഷകരുടെ താൽപ്പര്യക്കുറവ് അനുഭവപ്പെട്ടിട്ടില്ല. തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം, നാളികേര വികസന ബോർഡിൽനിന്നും സബ്സിഡി വിതരണത്തിലുണ്ടാകുന്ന കാലതാമസം, കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനുള്ള ബാങ്ക് ക്രമീകരണത്തിലെ താമസം തുടങ്ങിയ ചില ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇതുവരെ ഈ പദ്ധതിയിലൂടെ പുതിയതായി നട്ട തെങ്ങിൻ തൈകളുടെ വിവരം ഇപ്രകാരമാണ് :

1. തിരുവനന്തപുരം - 28208 തൈകൾ
2. കൊല്ലം - 5850 തൈകൾ
3. തൃശ്ശൂർ-

ആകെ - 34058

(എച്ച്) 1. സി.ഡി.ബി.-യിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഇതുവരെ 73473 തെങ്ങുകൾ 3 ജില്ലയിലുമായി വെട്ടിമാറ്റുകയും 5.927 കോടി രൂപ സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. പുനരുദ്ധാരണത്തിനായി 1.53 കോടി രൂപയും കാർഷിക സാമഗ്രിയും വിതരണം ചെയ്തു.

കാലാവസ്ഥ വ്യതിയാനംമൂലം കാർഷിക രംഗത്തുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ

6 (*576) ശ്രീ. സി. കെ. പി. പത്മനാഭൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥ വ്യതിയാനംമൂലം കാർഷിക രംഗത്തുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച പ്രത്യേക സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സമിതിയുടെ ശുപാർശകൾ വ്യക്തമാക്കുമോ ; കാലാവസ്ഥ വ്യതിയാനം ഏതെല്ലാം കൃഷികളെയാണ് ഗുരുതരമായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കാലാവസ്ഥ വ്യതിയാനങ്ങൾ അതിജീവിക്കാൻ പര്യാപ്തമായ വിത്തിനങ്ങളുടെ ഉൽപ്പാദനത്തിന് ഗവേഷണം നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്.

(ബി) ശുപാർശകൾ രൂപീകൃതമായിട്ടില്ല. കാലാവസ്ഥാ വ്യതിയാനം എല്ലാ വിളകളേയും ഏറ്റക്കുറച്ചിലുകളോടെ ബാധിച്ചിട്ടുണ്ട് എന്നാണ് പ്രാഥമിക നിഗമനം. വൃക്ഷ വിളകളുടേയും വാണിജ്യ വിളകളുടേയും ഉൽപ്പാദനത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ രേഖപ്പെടുത്തുന്നതിനും പഠന വിധേയമാക്കുന്നതിനും ദീർഘകാലം കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly